**File No.LSGD-FM2/122/2019-LSGD**

**കേരള സർക്കാർ**

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - മണലൂർ - കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവത്തിന് തൃശ്ശൂർ ജില്ലാ പഞ്ചായത്തിന്റെ വികസന ഫണ്ടിൽനിന്നും സംഭാവന ചെയ്യുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ) നം.1797/2019/ത.സ്വ.ഭ.വ　　　　തിരുവനന്തപുരം,
തീയതി: **20/08/2019**

---

പരാമർശം:- തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ 16/07/2019 ലെ കത്ത്.

<u>**ഉത്തരവ്**</u>

2019 ഓണാഘോഷത്തിന്റെ ഭാഗമായി 12.9.2019ന് നടക്കുന്ന മണലൂർ കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവത്തിന്റെ ചെലവുകൾക്ക് ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപ ചെലവഴിക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് അന്തിക്കാട് ഡിവിഷൻ മെമ്പർ ആവശ്യപ്പെട്ടിരുന്നുവെന്നും മുൻകാലങ്ങളിൽ എല്ലാം മേൽപ്പറഞ്ഞ ജലോത്സവത്തിന്റെ ചെലവിലേക്ക് ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽനിന്നും പണം ചെലവഴിക്കുന്നതിന്ന് സർക്കാരിൽ നിന്നും യഥേഷ്ടാനുമതി ലഭിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ വർഷവും ജലോത്സവം നടത്തുന്നതിന്റെ ചിലവിലേക്ക് 10 ലക്ഷം രൂപ തൃശ്ശൂർ ജില്ലാ പഞ്ചായത്തി ന്റെ വികസന ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്ന്തൃശ്ശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് അഭ്യർത്ഥിച്ചിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 ഓണാഘോഷത്തിന്റെ ഭാഗമായി 12.9.2019ന് നടക്കുന്ന മണലൂർ കണ്ടശ്ശാംകടവ് ചീഫ് മിനിസ്റ്റേഴ്സ് ട്രോഫി ജലോത്സവത്തിന്റെ ചെലവുകൾക്കായി ജില്ലാ പഞ്ചായത്ത് വികസന ഫണ്ടിൽനിന്നും പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന് വിധേയമായി 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) ചെലവഴിക്കുന്നതിനുള്ള യഥേഷ്ടാനുമതി നൽകി ഉത്തരവാകുന്നു.

3) ധനസഹായം നൽകുന്ന തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് സംഘാടക സമിതി കൺവീനർ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

പ്രസിഡന്റ്/സെക്രട്ടറി , ജില്ലാ പഞ്ചായത്ത്, തൃശ്ശൂർ

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശ സ്വയംഭരണ

വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

(signature)

സെക്ഷൻ ഓഫീസർ